No. CEE/5454/2018/KEAM-2019/TA1


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം- 695 001.


# പത്രക്കുറിപ്പ്

## 2019–ലെ ആർക്കിടെക്ചർ പ്രവേശനം
## പുതുതായി അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസരം

19.02.2019ലെ ജി.ഒ.(ആർ.റ്റി)നം.276/2019/ഉ.വി.വ. സർക്കാർ ഉത്തരവ് പ്രകാരം **KEAM-2019** സർക്കാർ അംഗീകൃത പ്രോസ്പെക്ടസിലെ ആർക്കിടെക്ചർ കോഴ്സിന്റെ അക്കാദമിക് യോഗ്യത സംബന്ധിച്ച ക്ലോസ് 6.2.3(a) ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഇതുപ്രകാരം ഹയർ സെക്കണ്ടറി പരീക്ഷയിൽ (10+2) ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങളിൽ മൊത്തത്തിൽ 50% മാർക്കും, കൂടാതെ ഹയർ സെക്കണ്ടറി പരീക്ഷയിൽ (10+2) കുറഞ്ഞത് 50% മാർക്കും നേടി പാസ്സായവർക്കും അല്ലെങ്കിൽ മാത്തമാറ്റിക്സ് ഒരു നിർബന്ധിത വിഷയമായി പഠിച്ച് 10+3 ഡിപ്ലോമ യിൽ മൊത്തത്തിൽ 50% മാർക്ക് നേടി പാസ്സായവർക്കും ഈ കോഴ്സിന് അപേക്ഷിക്കാവുന്നതാണ്. ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് സ്ട്രീമിൽ പഠിക്കുന്ന ഹയർ സെക്കണ്ടറി അവസാന വർഷ വിദ്യാർത്ഥികൾക്കും ഈ കോഴ്സിന് അപേക്ഷിക്കാവുന്നതാണ്.2019–ലെ ആർക്കിടെക്ചർ കോഴ്സിന് കൗൺസൽ ഓഫ് ആർക്കിടെക്ചർ നടത്തുന്ന നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ചർ (NATA) പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്കുമാത്രമെ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാൻ അവസരം ലഭിക്കുകയുള്ളൂ. അപേക്ഷകൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **2019 ഫെബ്രുവരി 28 വൈകുന്നേരം 5 മണി** വരെയാണ്. പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി അപേക്ഷ നൽകാത്ത വിദ്യാർത്ഥികളെ ഒരു കാരണവശാലും സംസ്ഥാനത്തെ ആർക്കിടെക്ചർ കോഴ്സിലെ പ്രവേശനത്തിനായി പരിഗണിക്കുന്നതല്ല.

ഹെൽപ് ലൈൻ നമ്പർ : 0471 2339101, 2339102, 2339103, 2339104, 2332123.

തിരുവനന്തപുരം
22.02.2019

പ്രവേശന പരീക്ഷാ കമ്മീഷണർ